

# ഞങ്ങൾ ഇങ്ങനെ ചിന്തിക്കുന്നു

**സ്വതന്ത്ര ഇന്ത്യ 60 വർഷങ്ങൾ പിന്നിടുമ്പോൾ സ്വാതന്ത്ര്യം, ജനാധിപത്യം, വികസനം, തൊഴിൽ, സാമൂഹ്യനീതി എന്നിവയുടെ വർത്തമാനത്തെയും, ഭാവിയെയും നമ്മുടെ ചെറുപ്പക്കാർ എങ്ങിനെ കാണുന്നു? അവർ സ്വപ്നങ്ങളും, സങ്കല്പങ്ങളും ആശങ്കകളും പങ്കുവെയ്ക്കുന്നു.**


**യുവജനങ്ങളുടെ മോഹങ്ങളും പ്രതീക്ഷകളും, കേരളീയത്തിലേക്കെഴുതുക.**

## ഭാവികാലത്തിൽ പ്രയോഗിക്കുന്ന കലയാണ് ആക്ടിവിസം

ആതിദ്യശങ്കർ, 26, തൃശൂർ
ഡയറക്ടർ, ഡി-3 വി ഗെയിംസ്, കൊച്ചി

**ഭൂത**-പ്രേത സങ്കല്പങ്ങളെ ഞാനിഷ്ടപ്പെടുന്നു. അനിശ്ചിതത്വത്തിന്റെ അനുഭവം എന്നനിലയിൽ അതിനേക്കാൾ മറ്റൊരു സർഗ്ഗാത്മക പ്രകാശനവും എന്റെ മനസ്സിനെ സ്വാധീനിച്ചിട്ടില്ല. നിങ്ങളെ ശരിയ്ക്കും പേടിപ്പിച്ച ഒരു ഭീതിദമായ സിനിമയ്ക്കുശേഷം വിളക്കുകളണയ്ക്കുമ്പോൾ അനുഭവിച്ചേക്കാവുന്ന രാത്രിയുടെ നഖമുനകൾ ഹോസ്റ്റൽ മുറിയിൽ ഒറ്റയ്ക്കിരിയ്ക്കുമ്പോൾ ഞാൻ ഏറ്റുവാങ്ങിയിട്ടുണ്ട്. മറ്റൊരുതരത്തിൽ നോക്കുകയാണെങ്കിൽ പേടി എന്നത് ഭാവിയെക്കുറിച്ചുള്ള ഒരു ദു:സ്വപ്നമാണ്. എന്താണ് സംഭവിക്കാൻ പോകുന്നത് എന്ന് പ്രവചിക്കാൻ കഴിയാതെയിരിക്കുന്ന, എന്നാൽ ആസന്നമായോ ദീർഘകാലത്തിലോ സംഭവിക്കാനിരിക്കുന്ന ആ ദു:സ്വാദ് നിറഞ്ഞ അനുഭവത്തിന്റെ കൃത്യമായ അനുഭവിക്കൽ.

സമാന്തരമായ ഒരു വീക്ഷണകോണിൽ നിന്നുകൊണ്ട് വാർത്തകൾ ശ്രവിക്കുക എന്ന എന്റെ അനുഭവത്തെ വായിക്കാൻ ഞാൻ ഇഷ്ടപ്പെടുന്നു. നിങ്ങൾക്കു ചുറ്റുമുള്ള ലോകത്തിന്റെ പ്രവൃത്തികളിലേക്ക് പ്രവേശിക്കുക എന്ന പ്രവർത്തനമാണ്, സൈദ്ധാന്തികമായെങ്കിലും വാർത്താശ്രവണം. നിങ്ങൾ കാണുകയോ കാണാതിരിക്കുകയോ ചെയ്തുകൊള്ളട്ടെ, വാർത്തകൾ നിങ്ങളുടെ ജീവിതത്തെ സ്ഥൂലമായോ സൂക്ഷ്മമായോ സ്വാധീനിക്കുന്നു എന്ന് വിശ്വസിക്കപ്പെടുന്നു. ഇതൊരു ചീത്ത ലോകമാണ് എന്നത് നമ്മിൽ മിക്കവരുടേയും അനുഭവങ്ങളുടെ സാമാന്യമായ ഉള്ളടക്കമാണ്. പ്രത്യേകിച്ചും, ഈയിടെ ഗുവാഹത്തിയിൽ നഗരമധ്യത്തിൽ വച്ച് ആദിവാസികളെ വളഞ്ഞുപിടിച്ച് ക്രൂരമായി മർദ്ദിച്ചതുപോലുള്ള ഭീകരസംഭവങ്ങളുടെ ദൃശ്യങ്ങൾ ആവർത്തിച്ചാവർത്തിച്ച് ടി.വി. ചാനലുകൾ പ്രകാശിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ. ഇത്, ഭൂത-പ്രേതങ്ങളെക്കുറിച്ചുള്ള എന്റെ സ്വപ്നങ്ങളുമായി ഒരു പ്രത്യേക തരത്തിൽ ബന്ധപ്പെട്ടിരിക്കുന്നു. ഭാവിയെക്കുറിച്ചുള്ള എന്റെ ആധികളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു സാമാന്യതയായി. ഈ അനുഭവം ഇന്നത്തെ ജനതയുടെ മുഴുവൻ പരിച്ഛേദത്തിനും ബാധകമാണത്.



ഭാവിയെ യാഥാർത്ഥ്യത്തിൽകൂടി മാത്രമേ അനുഭവിക്കാനാകൂ, വെറും ഭാവനയിൽക്കൂടി സാധ്യമല്ല എന്നതാണ് ഇതിലെ മുഖ്യപ്രശ്നം. ആരും പൂർണ്ണമായും വിഭാഗീയരഹിത/സ്ഥാപിത താത്പര്യമുക്തരോ വസ്തുനിഷ്ഠരോ അല്ലാത്തതിനാൽ വസ്തുതാതലത്തിൽനിന്നും യാഥാർത്ഥ്യങ്ങളെ ഭാവനയിലേയ്ക്കോ, വസ്തുതയുടെ തന്നെ തുടർച്ചയിലേയ്ക്കോ വലിച്ചുനീട്ടാവുന്നതാണ്. കേട്ട വാർത്തയുടെ ഭാവനാപൂർണ്ണാദ്രമായ ഒരു പരിണതി എന്നനിലയ്ക്കോ ഒരു കലാനുഭവത്തിന്റെ ഭാവനാപൂർണ്ണമായ ഒരു തുടർച്ച എന്ന നിലയ്ക്കോ നിങ്ങൾ ഭാവിയെപ്പറ്റി ചിന്തിക്കുന്നു, അല്ലെങ്കിൽ ഭാവിയെ അല്പാല്പം തൊടുന്നു എന്നുപറയാം. തീർച്ചയായും ഇതൊരു വ്യാജാനുഭവം അല്ലതാനും. യഥാർത്ഥത്തിൽ മുഴുവൻ ലോകവും സ്വയം സങ്കല്പിക്കുന്നതും മുന്നോട്ടു നീങ്ങുന്നതുമായ രീതിയുടെ മൂലക്കല്ലാണിത്.

ഒരു കൂട്ടം ആളുകൾ അവരുടെ വലിച്ചുനീട്ടിയ യാഥാർത്ഥ്യത്തെ അഥവാ ഭാവനയെ കൂട്ടിച്ചേർക്കുകയും അതുവഴി അവർ ഭാവി എന്നു വിളിക്കുന്ന ഒന്നിനെ ദർശിക്കുകയും ചെയ്യുമ്പോൾ ഇത് കുറേക്കൂടി പ്രാധാന്യമർഹിക്കുന്ന ഒന്നായിത്തീരുന്നു. ഉദാഹരണത്തിന് ഒരു പരിസ്ഥിതി പ്രസ്ഥാനം, നിങ്ങളുടെ ഭീകരസ്വപ്നത്തെ നിലനില്ക്കുന്ന തെറ്റുതിരുത്തി സ്വയം നവീകരിക്കാനുള്ള നിലനില്ക്കുന്ന കടുത്ത യാഥാർത്ഥ്യത്തിന്റെ സാധ്യതകളെ എങ്ങിനെ കാണുന്നു എന്നത് വളരെ പ്രധാനപ്പെട്ട ഒന്നാണ്. അപ്പോൾ ആക്ടിവിസത്തിന്റെ ഏതൊരു രൂപവും

യഥാർത്ഥത്തിൽ വസ്തുത മാത്രമല്ല, മറിച്ച് ഭാവികാലത്തിൽ പ്രയോഗിക്കുന്ന കലയാണ്. എല്ലാ സ്വപ്നങ്ങളിലും വച്ച് അവർ കാണുന്ന സ്വപ്നമാണ് ഏറ്റവും ഊർജ്ജസ്വലമായ സ്വപ്നം. ലോകത്തെ നിരന്തരം മാറിക്കൊണ്ടിരിക്കുന്ന ക്യാൻവാസുകളുടെ, അനന്തമായ ഒരു ശ്രേണിയായി കരുതുകയാണെങ്കിൽ, അവരുടേതാണ് ഏറ്റവും മനോഹരമായ ക്യാൻവാസ്. അല്ലെങ്കിൽ ഒരുപക്ഷേ, അനുഭവസാധ്യതകളുടെ ഏറ്റവും ദുരന്താത്മകമായ ഉള്ളടക്കം.

എനിക്ക് ഒരു പെൻസിലും, ഡ്രോയിംഗ് ബോർഡും ചിലപ്പോൾ ഒരു ജ്യോമട്രി ബോക്സും ആവശ്യമുണ്ട്. ഒരു ബോർഡിൽ തൂക്കിയിട്ട ഒരു സ്ഥിതിവിവര പട്ടിക എനിക്കാവശ്യമുണ്ട്. ജനാലയിലൂടെ നോക്കുമ്പോൾ എനിക്കുമുന്നിൽ ഒരു കടൽ ചിലപ്പോൾ സങ്കല്പിക്കേണ്ടതായി വരാം. കാരണം ഞാനിവിടെ വരയ്ക്കാൻ പോകുന്നത് എന്റെ ഭാവിയെത്തന്നെ നിർണ്ണയിക്കാനുള്ള എന്റെ കഴിവില്ലായ്മ തെളിയിക്കുന്ന ഒന്നിനെയാണ്. 'മനുഷ്യരുടെ പരസ്പര പ്രവർത്തനത്തിന്റെ വരാൻ പോകുന്ന പരീക്ഷണം' എന്ന് ഈ ചിത്രത്തെ വിളിക്കാൻ ഞാനാഗ്രഹിക്കുന്നു. പരസ്പര പ്രവർത്തനത്തിന്റെ പഠനഫലങ്ങളുടെ അടിസ്ഥാനത്തിൽ എന്താണ് മുന്നിൽ കാത്തിരിക്കുന്നത് എന്നതിന്റെ ഒരു യാഥാർത്ഥ്യവിശദീകരണമാകാം ചിലപ്പോൾ അത്. ഈ പേജിൽ കൊടുത്തിട്ടുള്ള സ്ഥിതിവിവരക്കണക്കുകളുടെ അക്ഷങ്ങളിൽ നിന്നുകൊണ്ട് ഞാൻ ആ ബിന്ദുക്കൾ അടയാളപ്പെടുത്താൻ പോകുകയാണ്. ഒരു അക്ഷത്തിൽ, ഞാൻ ഭാവിയിൽ ചെയ്തേക്കാവുന്ന പ്രവൃത്തികളെക്കുറിച്ചിരിക്കുന്നു. എന്റെ ചിന്തയുടെ ചരിത്രവും എന്റെ ശാരീരിക പരിണാമങ്ങളും തമ്മിലുള്ള പരസ്പര പ്രവർത്തനങ്ങളിൽനിന്നും ഉരുത്തിരിയുന്ന എന്റെ സാധ്യമായ കർമ്മങ്ങളുടെ മറ്റൊരു ഉപപട്ടികയിൽനിന്നാണ് അവയെ നാം തെരഞ്ഞെടുക്കുന്നത്. ആ ഉപപട്ടികയിൽ എന്റെ പൂർവ്വികരുടെ സ്വഭാവസവിശേഷതകളുടെ പരിണാമം അവരുടെ കാലത്തിനെതിരെ രേഖപ്പെടുത്തിയിരിക്കുന്ന മറ്റൊരു പട്ടികയുണ്ട്. അതിനാൽ എന്റെ കർമ്മങ്ങളെ ഉരുത്തിരിച്ചെടുക്കുന്ന ഉപപട്ടിക, കാലവും കർമ്മവും നിലനില്ക്കുന്ന കാലത്തോളം പുറകോട്ടു സഞ്ചരിക്കുന്നു. അതിനാൽ ഇക്കാലത്തേയും കർമ്മത്തേയും എന്റെ സ്വഭാവത്തെ ഉരുത്തിരിച്ചെടുത്ത, പ്രത്യേകതരത്തിലുള്ള കർമ്മശൃംഖലയ്ക്കു സമാന്തരമായുള്ള ബാക്കി പ്രപഞ്ചത്തിന്റെ മുഴുവൻ കർമ്മങ്ങളുമായും ഓരോ നിമിഷങ്ങളിലും താരതമ്യപ്പെടുത്തിയേപറ്റൂ. ഇങ്ങനെ ഉരുത്തിരിച്ചെടുത്ത 'എനിക്ക്', എന്റെ ശാരീരിക പദവിയിൽ എത്തണമെങ്കിൽ എന്റെ ശാരീരിക പരിണാമത്തിന്റെ പാതകളെ പുറകിലേയ്ക്ക് തിരിച്ചറിയേണ്ടതുണ്ട്. എങ്കിൽ മാത്രമേ എനിക്ക് കർമ്മങ്ങൾ ചെയ്യാൻ സാധ്യമാകൂ. മാത്രമല്ല, അതിനുമുമ്പ് എന്റെ ശാരീരികതയെ രൂപപ്പെടുത്തിയ എല്ലാ സാധ്യമായ സംഭവങ്ങളോടും അതിനെ താരതമ്യപ്പെടുത്തിയേ തീരൂ.

ഈ തിരക്കുപിടിച്ച നഗരത്തിലെ, ഓട്ടോറിക്ഷയുടെ പിൻസീറ്റിലേക്ക് എന്നെ മടങ്ങാൻ അനുവദിക്കുക. എവിടെയിരിക്കുന്നതിനേക്കാളും അവിടെ ഞാൻ സുനിശ്ചിതനാണ്. ഞാനിപ്പോൾ ഒരു ഉപ-പാതയിലാണ്. ഒരു ഇലയുടെ ഉപ-നാഡിയിൽ ഇരിക്കും പോലാണത്. മറ്റു റോഡുകളിൽ എന്ത് നടക്കുന്നു എന്നറിയാതെ, ഭാവിയെ മറന്ന്, മുന്നോട്ടു പോകുന്നു എന്ന ഉറപ്പുമായി നമുക്കവിടെ ഇരിക്കാം. കാരണം തന്റെ വർത്തമാനത്തിലെത്താനാണ് ഞാനിതു മുഴുവൻ വരച്ചിട്ടത്. ഈ വഴിയിലൂടെ നമുക്കിത് കൂടുതൽ ആസ്വദിക്കാം. ശിഥിലതകളെല്ലാം പുറത്താണ് എന്ന് മാത്രം അറിയുന്നവിധം ഓട്ടോറിക്ഷയുടെ പിൻസീറ്റിൽ. ഞാൻ ഈ ശിഥിലതകളെ അറിയുന്നത് ഒച്ചകളിലൂടെയാണ്. ഓരോ ഇടത്തിനും അതിന്റേതായ ശബ്ദമോ ഒച്ചയോ ഉണ്ട്. ഞാനെന്റെ ഇടത്തെ അനുഭവിക്കുന്നതും മിക്കവാറും തിരിച്ചറിയുന്നതും ഒച്ചയിലൂടെയാണ്. എന്റെ ഇടം ചലനാത്മകവും ഓട്ടോറിക്ഷയെപ്പോലെ മുന്നോട്ടു പായുന്നതുമാണ്. എന്റെ ഭാവിയോ എനിക്കളക്കാൻ പറ്റാത്തവിധം കൂടിക്കൊണ്ടിരിക്കുന്ന ഒച്ചയും.

ഞാൻ ഇത്തരമൊരു നിമിഷത്തിലാണ്. ഞാൻ ഭാവിയെക്കുറിച്ചു ചിന്തിക്കുന്നു. ഇപ്പോഴാണ് നിങ്ങൾ നിങ്ങളുടെ സംശയങ്ങളെ നിരാകരിക്കുകയും കവിത ചിന്തയുടെ ഒരു വഴിയാണെന്നും പ്രകാശനത്തിന്റെ ഒരു ശ്രമമാണെന്നും നിങ്ങളെത്തന്നെ വീണ്ടുമുറപ്പിക്കാൻ തുടങ്ങുന്നതും. അത് ജനമനസ്സുകളിലെ സക്രിയമായ ഒരു മൂലകമാണ്. ഒരുപക്ഷേ അവർക്ക് അതറിയില്ലെങ്കിൽ കൂടിയും. ഒച്ചകൂടും. ഞാൻ അത് കേൾക്കാൻ ബാധ്യസ്ഥനാകും.

email : suncave@gmail.com

*പരിഭാഷ : പി.എൻ. ഗോപീകൃഷ്ണൻ*

**● തോന്നൽ 3**

വന്യജീവി ഫോട്ടോഗ്രാഫർ
എൻ.എ. നസീർ നടത്തിയ കാടൻ യാത്രകളിലെ
ചില വന്യചിന്തകൾ

## പുഴയോരകാടുകളിലൂടെ

'ഓരോ പുഴക്കും ഓരോ താരാട്ടുപാട്ടുണ്ട്.
ഓർമ്മകളുടെ ചീളുകളിലൂടെ അവ പലപ്പോഴും
നമ്മെതേടി എത്തുന്നു.
അപ്പോൾ, നാം ആ പുഴയോരങ്ങളിലൂടെ
പതിപ്പിച്ചിട്ടുപോയ കാലടയാളങ്ങളുടെ
സ്മൃതികൾ മനസ്സിനുള്ളിലേക്ക് ഓടികയറുന്നു.
ഒരുപാട് വിടപറയലുകളുടെ ഓർമ്മകളാണവ.

* * *

മഹാവൃക്ഷങ്ങൾ ഇടതിങ്ങി, ഇലകൾ വീണു
നനവാർന്ന ആ കാട്ടുപാത നമ്മെ,
വള്ളിപടർപ്പുകളാൽ മൂടിയ ഒരു പാറയിലേക്ക് നയിക്കുന്നു.
അതിലേക്ക് നാം നടന്നുകയറുമ്പോൾ
ഒരു കുഞ്ഞ് ഓന്ത് ഗൗരവത്തോടെ നോക്കുകയാണ്.
അതെ, കാട്ടിലൂടെയുള്ള നമ്മുടെ ഓരോ നീക്കങ്ങളും
അസംഖ്യം ചെറുജീവികൾക്കുപോലും,
അസ്വസ്ഥതയുണ്ടാക്കുന്നു.
എന്റെ ഓരോ യാത്രകളിലും ഒരു കുഞ്ഞിപ്രാർത്ഥന
മനസ്സിനുള്ളിൽ സൂക്ഷിച്ചിട്ടുണ്ട് ഞാൻ.
'കാടെ ഞങ്ങളോട് പൊറുക്കണമെ....
നിന്റെ നെഞ്ചിലൂടെയുള്ള ഞങ്ങളുടെ
ഓരോ കാൽവെപ്പുകൾക്കും
നീ ഞങ്ങളോട് പൊറുക്കണമെ...."

* * *

'മൂടൽ മഞ്ഞിൽ മുങ്ങി നില്ക്കുന്ന
മഴക്കാടുകൾ കണ്ടിട്ടുണ്ടൊ?
അവ ധ്യാനത്തിലാണ്.
ആ മോഹിപ്പിക്കുന്ന കാഴ്ച
നമ്മളേയും ധ്യാനത്തിലേയ്ക്ക്
എത്തിക്കുന്നു!

